പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ.2730

12.02.2019 -ലെ മറുപടിയ്ക്ക്

## തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എസ്.രാജേന്ദ്രൻ<br>ശ്രീ.ജോർജ് എം. തോമസ്<br>ശ്രീ. കെ.ഡി. പ്രസേനൻ<br>ശ്രീ.യു.ആർ.പ്രദീപ് : | ശ്രീ. ടി.പി.രാമകൃഷ്ണൻ<br>(ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| എ) തൊഴിലാളി താല്പര്യം സംരക്ഷിക്കുന്നതിനായി, പ്ലാന്റേഷൻ മേഖലയിൽ പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിക്കാൻ സർക്കാർ നടത്തുന്ന ഇടപെടലുകൾ അറിയിക്കാമോ; | എ) പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നു വരുന്നു. ഇതിന്റെ ഭാഗമായി പൂട്ടിക്കിടക്കുന്ന എം.എം.ജെ. പ്ലാന്റേഷൻസ്, പീരുമേട് ടീ കമ്പനി, ബോണക്കാട് മഹാവീർ പ്ലാന്റേഷൻസ് എന്നീ തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ തോട്ടം ഉടമകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| ബി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതു സംബന്ധിച്ച ചർച്ചകൾ പ്ലാന്റേഷൻ ലേബർ കമ്മിറ്റി ആരംഭിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ; | ബി) തോട്ടം തൊഴിലാളികളുടെ വേതനം പരിഷ്കരിക്കാനുള്ള ഡിമാന്റ് തൊഴിലാളി യൂണിയനുകൾ ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ടി വിഷയം പ്ലാന്റേഷൻ ലേബർ കമ്മിറ്റിയിൽ ചർച്ച ചെയ്തു വരുന്നു. |
| സി) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ. ബാധകമാക്കുന്നതിനും പ്രത്യേക ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | സി) തോട്ടം തൊഴിലാളികൾക്ക് ഇ.എസ്.ഐ പദ്ധതി നടപ്പിലാക്കുന്നതിനായി 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ടിൽ ഭേദഗതി വരുത്തുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ചു വരുന്നു. കേരളത്തിലെ തോട്ടം മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഒരുക്കുന്നതിനായി രണ്ട് കിടക്കമുറികളും, ഒരു ഹാളും, അടുക്കളയും, ടോയിലെറ്റും അടക്കം 400 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീട് വച്ച് നൽകുന്നതിനായി 'ഓൺ യുവർ ഓൺ ഹൗസിംഗ് സ്കീം' എന്ന പദ്ധതി ഭവനം ഫൗണ്ടേഷൻ മുഖേന ആവിഷ്കരിച്ചിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിലെ ആദ്യഘട്ട വീട് നിർമ്മാണ പ്രവർത്തനങ്ങൾ ഈ മാസം തന്നെ ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. |

Sreeda

**സെക്ഷൻ ഓഫീസർ**